<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341</u> <u>30-08-2022 - ൽ മറുപടിയ്ക്ക്</u>

<u>വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ്</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഒ . ആർ. കേളു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. പ്രഭാകരൻ</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് 2022-23 അദ്ധ്യയന വർഷം രണ്ടാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>അധികമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാണെങ്കിൽ സർക്കാർ, എയിഡഡ് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;</td><td>(ബി)</td><td>
<table>
<tr><th colspan="4">New Enrollment of 6th working day 2022-23</th></tr>
<tr><th>Std</th><th>Govt</th><th>Aided</th><th>Total</th></tr>
<tr><td>2</td><td>2936</td><td>3934</td><td>6870</td></tr>
<tr><td>3</td><td>4087</td><td>4919</td><td>9006</td></tr>
<tr><td>4</td><td>5053</td><td>5192</td><td>10245</td></tr>
<tr><td>5</td><td>-7134</td><td>39679</td><td>32545</td></tr>
<tr><td>6</td><td>4380</td><td>9043</td><td>13423</td></tr>
<tr><td>7</td><td>4311</td><td>5879</td><td>10190</td></tr>
<tr><td>8</td><td>26992</td><td>1799</td><td>28791</td></tr>
<tr><td>9</td><td>2730</td><td>5279</td><td>8009</td></tr>
<tr><td>10</td><td>1560</td><td>-669</td><td>891</td></tr>
<tr><td>Total</td><td>44915</td><td>75055</td><td>119970</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഈ അദ്ധ്യയന വർഷം അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;</td><td>(സി)</td><td>ഉണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 2022-23 അധ്യയന വർഷം 23096 കുട്ടികൾ കുറഞ്ഞു.
<table>
<tr><th>വർഷം</th><th>അൺ എയ്ഡഡ് (സർക്കാർ അംഗീകൃതം) സ്കൂളിലെ കുട്ടികളുടെ എണ്ണം</th></tr>
<tr><td>2021-</td><td>356128</td></tr>
</table>
</td></tr>
</table>

<table>
<tr><td></td><td></td><td></td><td><table><tr><td>22</td><td></td></tr><tr><td>2022-23</td><td>333032</td></tr></table></td></tr>
<tr><td>(ഡി)</td><td>കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടർച്ചയായി എല്ലാ വർഷവും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;</td><td>(ഡി)</td><td>ഉണ്ട്.<br><table><tr><td colspan="4">Enhancement of students in Kerala-Growth</td></tr><tr><td colspan="4">Year & Management wise</td></tr><tr><td>Year</td><td>Govt</td><td>Aided</td><td>Total</td></tr><tr><td>2016-17</td><td>28860</td><td>82491</td><td>111351</td></tr><tr><td>2017-18</td><td>59852</td><td>96713</td><td>156565</td></tr><tr><td>2018-19</td><td>71360</td><td>113368</td><td>184728</td></tr><tr><td>2019-20</td><td>65215</td><td>98343</td><td>163558</td></tr><tr><td>2020-21</td><td>68742</td><td>106129</td><td>174871</td></tr></table></td></tr>
<tr><td>(ഇ)</td><td>തുടർച്ചയായി കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാനപരമായി എന്തെല്ലാം മാറ്റങ്ങൾക്കാണ് രൂപം കൊടുത്തത്; വിശദമാക്കാമോ;</td><td>(ഇ)</td><td>നവകേരള മിഷൻ, നവകേരളം കർമ്മ പദ്ധതി എന്നീ പരിപാടികളിൽ യഥാക്രമം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം എന്നീ പേരുകളിൽ കേരളത്തിലെ പൊതുവിദ്യാ ലയങ്ങളുടെ അക്കാദമികവും ഭൗതിക വുമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിനും വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ ഇടപെട ലുകൾ നടത്തി.<br><br>* ഭൗതിക സൗകര്യവികസനത്തിന് പുതിയ മാതൃക സൃഷ്ടിക്കുന്നതിന് ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലും അഞ്ചു കോടി രൂപ നൽകി മികവിന്റെ കേന്ദ്രങ്ങളായി ഓരോ വിദ്യാലയങ്ങളേയും പുനർനിർമ്മിച്ചു.<br><br>* കിഫ്ബി ഫണ്ടിൽ നിന്നും മൂന്നു കോടി രൂപ മുടക്കി 395 വിദ്യാലങ്ങൾക്കും ഒരു കോടി രൂപ നൽകി 444 വിദ്യാലയങ്ങൾക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അവസരമൊരുക്കി.<br><br>* പ്ലാൻ ഫണ്ട്, തീരദേശ വികസന ഫണ്ട്, നബാർഡ് ഫണ്ട് എന്നിവ ഉപയോഗ പ്പെടുത്തി വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു.<br><br>* വിവരസാങ്കേതികവിദ്യ പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി കേരള ത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഹൈടെക് വിദ്യാഭ്യാസത്തിനുള്ള സംവി ധാനങ്ങൾ ഉറപ്പുവരുത്തി. ഹൈസ്കൂളി ലേയും, ഹയർ സെക്കന്ററിയിലേയും 45000</td></tr>
</table>

| | | | |
|---|---|---|---|
| | | | ക്ലാസ് റൂമുകൾ ഹൈടെക്കാക്കി. എല്ലാ പ്രൈമറി സ്കൂളുകളിലും ഹൈടെക് ലാബ് ഒരുക്കി.<br><br>* സമഗ്രശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് വിദ്യാലയങ്ങൾക്ക് ജൈവവൈവിധ്യ ഉദ്യാനം ഒരുക്കി.<br><br>* പൊതുവിദ്യാലയങ്ങളുടെ പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി വിവിധ ജനകീയ കൂട്ടായ്മകൾ ആയ പി ടി എ, പൂർവ്വ വിദ്യാർത്ഥി-അദ്ധ്യാപക സംഘടന, സ്കൂൾ വികസന സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയെ പങ്കാളികളാക്കി വിദ്യാലയ കേന്ദ്രീകൃത പരിപാടികൾ നടപ്പിലാക്കി. |
| (എഫ്) | ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക്ക് കാര്യങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (എഫ്) | * വിദ്യാഭ്യാസ ഗുണനിലവാരം ഉയർ ത്തുന്നതിന് നിരന്തരമായ അദ്ധ്യാപക പരിശീലന പരിപാടികൾ കഴിഞ്ഞ വർഷങ്ങളിൽ സംഘടിപ്പിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ മാധ്യമം ഉപയോഗപ്പെടുത്തിയും അദ്ധ്യാപക ശാക്തീകരണ പരിപാടികൾ സംഘടി പ്പിച്ചു. വിദ്യാലയങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പ വരുത്തി അവ നടപ്പിലാക്കുന്നതിനും എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർ പ്ലാനുകൾ രൂപീകരിച്ചു.<br><br>* പ്രകൃതിയിലൂടെ പഠിക്കുക എന്ന ആശയത്തെ മുൻനിർത്തി എല്ലാ വിദ്യാലയങ്ങളുടെ ഭാഗമായും ജൈവ വൈവിധ്യ ഉദ്യാനം എന്ന സങ്കല്പം മുന്നോട്ട് വയ്ക്കുകയും ഭൂരിപക്ഷം വിദ്യാലയങ്ങളും അത് ഏറ്റെടുത്തു നടപ്പാക്കുകയും ചെയ്തു.<br><br>* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ടാലന്റ് ലാബ് എന്ന ആശയം വിദ്യാലയങ്ങളിൽ നടപ്പിലാക്കി.<br><br>* കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷാകർതൃ പങ്കാളിത്തം ഉറപ്പുവരു ത്തുന്നതിന് രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടിക്കുള്ള കൈപ്പുസ്തകം 'നന്മ പൂക്കുന്ന നാളേക്ക്' പ്രസിദ്ധീകരിച്ചു.<br><br>* സവിശേഷ പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കു ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് സമഗ്ര ശിക്ഷ വഴി ഉപകരണങ്ങൾ/ സൗകര്യ ങ്ങൾ നൽകി. ഈ കുട്ടികളുടെ വിദ്യാഭ്യാസ പ്രക്രിയയിൽ അനുരൂപീ കരണം ഉറപ്പ വരുത്തുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിദ്യാലയ ങ്ങളിൽ ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | * കോവിഡ് കാലയളവിൽ കുട്ടികൾക്ക് പഠനനഷ്ടം ഉണ്ടാകാതെയിരിക്കുന്നതിന് വേണ്ടി ഇന്ത്യക്കാകെ മാതൃകയായ വിധത്തിൽ ഓൺലൈൻ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു.<br><br>* വ്യത്യസ്ത വിഷയങ്ങളിൽ പഠന പിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടി കളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി മലയാള ത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഉല്ലാസ ഗണിതം, സുരീലി ഹിന്ദി എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാ ലയങ്ങൾ നടപ്പാക്കി. |

സെക്ഷൻ ഓഫീസർ